# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3799
# 21/06/2019 ലെ മറുപടിക്ക്

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഓട നിർമ്മാണ പദ്ധതി**

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ; | 04/08/2018 ലെ സ.ഉ(സാധാ)നം.119/2018/ ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയതും PWD മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ല് മാറി നൽകുന്നത് Special LoC സംവിധാനം വഴി ആയിരിക്കും എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ടി സംവിധാനം കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് LAC ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി BAMS മുഖാന്തിരം അലോട്ട്മെന്റ് നൽകുന്നതിന് 14/05/2019 ലെ സ.ഉ(പി)നം,58/19/ധന ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓച്ചിറ ഗ്രാമപഞ്ചായത്തിൽ ആലക്കോട് സ്കൂളിനുസമീപം ഓട നിർമ്മിക്കുന്ന പദ്ധതിക്ക് (2017-18) ഗുണഭോക്തൃവകുപ്പ് പൊതുമരാമത്ത് വകുപ്പിന് ഡപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ; എത്രയുംവേഗം ഡപ്പോസിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ